## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.09.2026**

## പ്രധാനവാർത്തകൾ

1. കാലാവസ്ഥ ആഘാതങ്ങൾ നേരിടാൻ മികച്ച കർമ്മ പദ്ധതി ആവിഷ്കരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ അന്താരാഷ്ട്ര സമ്മേളനത്തിന് ന്യൂഡൽഹിയിൽ സമാപനം.
2. സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണഗുരുവിൻറെ 99-ാമത് മഹാസമാധി ദിനാചരണം നാളെ. മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും.
3. 18 - ാമത് ഡോക്യൂമെൻററി - ഹ്രസ്വ ചിത്ര മേളയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 31 ചിത്രങ്ങൾക്ക് പ്രദർശനാനുമതി നിരസിച്ച സംഭവത്തിൽ കേന്ദ്രത്തിന് കത്ത് അയച്ച് സംസ്ഥാന ചലച്ചിത്ര അക്കാദമി.
4. തിരുവനന്തപുരം പൊഴിയൂരിൽ തീരസംരക്ഷണത്തിന് 93.22 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി മോൻസ് ജോസഫ്.
5. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ഇടുക്കി വട്ടവടയിൽ മണ്ണിടിച്ചിലിൽ രണ്ട് മരണം.
6. ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ. വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ മലയാളി താരം വിദർശ വിനോദ് ഉൾപ്പെട്ട ടീമിന് വെള്ളി മെഡൽ.

&&&&&&&&&&&&&&&&&&

RNU TVPM

## രാഷ്ട്രപതി - ന്യൂഡൽഹി

കാലാവസ്ഥ ആഘാതങ്ങൾ നേരിടാൻ മികച്ച കർമ്മപദ്ധതി ആവിഷ്കരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാവി' എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിന്റെ സമാപനപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. കാലാവസ്ഥാ ആഘാതങ്ങൾ നേരിടാൻ പ്രാദേശിക,ആഗോള തലങ്ങളിൽ മികച്ച സഹകരണം ശക്തിപ്പെടുത്തേണ്ടത് ഉണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു.

&&&&&&&&&&&&&&&&&&

## എൻ.ഐ.ടി - കാലിക്കറ്റ്

ചരിത്രപരമായി കേരളം ഇന്ത്യൻ കായിക മേഖലയുടെ ശക്തി കേന്ദ്രമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ. പി.ടി ഉഷ, അഞ്ജു ബോബി ജോർജ്, എം.ഡി വത്സമ്മ , ടി.സി യോഹന്നാൻ, പി.ആർ ശ്രീജേഷ് തുടങ്ങിയവർ ഇതിന് ഉദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എൻ.ഐ.റ്റി കാലിക്കറ്റിൽ പുതുതായി നിർമ്മിച്ച മേജർ ധ്യാൻ ചന്ദ് സ്പോർട്സ് കോംപ്ലക്സിൻറെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

RNU TVPM

&&&&&&&&&&&&&&&&&&

## ശ്രീനാരായണ ഗുരു സമാധി ദിനാചരണം

സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണഗുരുവിൻറെ മഹാസമാധി ദിനാചരണം നാളെ വർക്കല ശിവഗിരിയിൽ നടക്കും. മഹാപരി നിർവാണ സമ്മേളനവും ശതാബ്ദിയാചരണ സമാരംഭവും മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ടി.സിദ്ദിഖ് വിശിഷ്ടാതിഥിയാകും. തുടർന്ന് നടക്കുന്ന പള്ളാത്തുരുത്തി ഗുരുദേവ മഹാസന്ദേശ ശതാബ്ദി സമ്മേളനം മന്ത്രി ഒ.ജെ ജനീഷ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## കേരള രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്രമേള

18 - ാമത് ഡോക്യൂമെൻററി - ഹ്രസ്വ ചിത്ര മേളയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 31 ചിത്രങ്ങൾക്ക് പ്രദർശനാനുമതി നൽകാതിരുന്ന സാഹചര്യത്തിൽ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ചലച്ചിത്ര അക്കാദമി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രാലത്തിന് കത്തു നൽകി. ഔദ്യോഗികമായി തെരഞ്ഞെടുക്കപ്പെട്ട സിനിമകൾക്ക് ഉൾപ്പെടെ പ്രദർശനാനുമതി ലഭിക്കാത്തത് മേളയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുമെന്ന് കത്തിൽ പറയുന്നു. ഈ മാസം 25 മുതൽ 30 വരെ തിരുവനന്തപുരത്താണ് മേള.

&&&&&&&&&&&&&&&&&&

## റേഷൻ കാർഡുകൾ- ഡീആക്ടിവേറ്റ്

സംസ്ഥാനത്ത് ആറുമാസം റേഷൻ വാങ്ങാത്ത കാർഡുകൾ ഡീആക്ടിവേറ്റ് ചെയ്യും. എല്ലാ മാസവും 21ന് ഇത്തരം കാർഡുകൾ കണ്ടെത്തി അടുത്ത മാസം ഒന്നു മുതൽ റേഷൻ വിഹിതം ലഭിക്കാത്തവിധം ആകും ഡീആക്ടിവേറ്റ് ചെയ്യുക. സമയപരിധിക്കുള്ളിൽ eKYC പൂർത്തിയാക്കാത്ത കാർഡുകൾ അസാധുവാക്കി ഡാറ്റാബേസിൽ നിന്ന് നീക്കം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

## പി എം സൂര്യഘർ പദ്ധതി (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു. കർഷക്കരുടെ ക്ഷേമത്തിനും സാധാരണ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിരവധി പദ്ധതികളാണ് കേന്ദ്രസർക്കാർ നടപ്പാക്കി വരുന്നത്. സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി മാറ്റുന്ന സോളർ പ്ലാന്റുകൾ കുറഞ്ഞ

ചെലവിൽ സ്ഥാപിക്കാൻ അവസരമൊരുക്കുന്ന പി എം സൂര്യഘർ പദ്ധതിയുടെ ഗുണഭോക്താവ്

**കോട്ടയം സ്വദേശി സുരേഷ്കുമാർ**

**ആകാശവാണിവാർത്തകളോട് .....** (വോയിസ്)

&&&&&&&&&&&&&&&&&&

**കടൽ ഭിത്തി നിർമ്മാണ ഉദ്ഘാടനം**

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ തീര സംരക്ഷണത്തിന് 93.22 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി മോൻസ് ജോസഫ്. പൊഴിയൂർ കടൽ ഭിത്തി നിർമ്മാണ ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി നിർവഹിക്കും. പൊഴിയൂർ കൊല്ലംകോട് തീര പ്രദേശങ്ങളിലെ അതിരൂക്ഷമായ കടലാക്രമണത്തിന് ഇതിലൂടെ ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ മോൻസ് ജോസഫ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഏഷ്യൻ ഗെയിംസ്**

ജപ്പാനിൽ നടക്കുന്ന ഇരുപതാമത് ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് മികച്ച തുടക്കം. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ടീം ഇനത്തിൽ ഇന്ത്യ സംഘം വെള്ളി മെഡൽ നേടി. മലയാളി താരം വിദർശ വിനോദ്, ഇളവേനിൽ വാളരിവൻ, സോനം മസ്കർ എന്നിവരാണ് ഇന്ത്യക്ക് ആദ്യ മെഡൽ സമ്മാനിച്ചത്. 10 മീറ്റർ എയർ റൈഫിൾ വനിതാ വ്യക്തിഗത ഇനത്തിലും ഇളവേനിൽ വാളരിവന് വെള്ളി മെഡൽ ലഭിച്ചു. മെഡൽ ജേതാക്കളെ രാഷ്ട്രപതി ദ്രൗപദി മുർമു, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അഭിനന്ദിച്ചു. അതെസമയം, വനിതാ ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ കടന്നു. രണ്ടാം സെമിയിൽ ബംഗ്ലാദേശിനെ 114 റൺസിന് പരാജയപ്പെടുത്തിയാണ് ടീം ഇന്ത്യ കലാശപോരാട്ടത്തിനു യോഗ്യത നേടിയത്.

RNU TVPM

&&&&&&&&&&&&&&&&&&

ഏഷ്യൻ ഗെയിംസ് - വിദർശ (ഇൻട്രോ)

വനിതാ 10 മീറ്റർ എയർ റൈഫിൾ ടീം അംഗം വിദർശ വിനോദ് കോഴിക്കോട് തിരുവമ്പാടി സ്വദേശിനിയാണ്. മകളുടെ മെഡൽ നേട്ടത്തിലെ സന്തോഷം ആകാശവാണി വാർത്തകളോട് പങ്കുവെക്കുകാണ് വിദർശയുടെ മാതാപിതാക്കൾ.....
(വോയിസ്)

&&&&&&&&&&&&&&&&&&

മഴ

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ഏഴു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ബംഗാൾ ഉൾക്കടലിൽ അതിതീവ്ര ന്യൂന മർദ്ദ സാധ്യതയുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാര അതോറിട്ടി അറിയിച്ചു. അതെസമയം, കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 8.30 വരെ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

ഇടുക്കി - മണ്ണിടിച്ചിൽ

ഇടുക്കി വട്ടവട കോട്ടക്കമ്പൂരിൽ മണ്ണിടിച്ചിലിൽ രണ്ട് മരണം. അമ്മൻ കോവിൽ ഭാഗത്തു കൃഷി സ്ഥലത്ത് ഉണ്ടായ മണ്ണിടിച്ചിലിൽ ബാലകൃഷ്ണണൻ, ചിന്നു എന്നിവരാണ് മരിച്ചത്. ബാലകൃഷ്ണന്റെ ഭാര്യ മാരിയമ്മയെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&

ഗതാഗതം തടസപ്പെട്ടു

വാഗമൺ- ഈരാറ്റുപേട്ട റൂട്ടിൽ ഉരുൾപൊട്ടി ഗതാഗതം തടസപ്പെട്ടു. വാഗമൺ - ഈരാറ്റുപേട്ട റൂട്ടിൽ തീക്കോയിക്കും വാഗമണ്ണിനും ഇടയിൽ കാരികാട് ടോപ്പ് ഭാഗത്ത്

വൈകിട്ടോടെയാണ് സംഭവം. പ്രദേശത്ത് വാഹനങ്ങൾ വഴി തിരിച്ച് വിട്ടു. അതെസമയം, മീനച്ചിൽആറ്റിൽ ജലനിരപ്പ് ഉയരുകയാണ്.

&&&&&&&&&&&&&&&&&&&

**കണ്ണൂർ മോഴയാന - (ഇൻട്രോ)**

കണ്ണൂർ ആറളം ഫാമിലും പുനരധിവാസമേഖലയിലും ഭീഷണിയായ മോഴ ആനയെ മയക്കുവെടി വെച്ച് പിടികൂടി സുരക്ഷിതസ്ഥലത്തേക്ക് മാറ്റാനുള്ള നടപടികൾ അവസാന ഘട്ടത്തിൽ.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**
**കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്....     (വോയിസ്)**

&&&&&&&&&&&&&&&&&&&

**ഡോ.ജി. വിജയരാഘവൻ**

പ്രമുഖ ഹൃദ്രോഗ വിദഗ്ധൻ ഡോ.ജി. വിജയരാഘവൻ അന്തരിച്ചു. 84 വയസായിരുന്നു. ഇന്ത്യയിൽ ആദ്യമായി ദ്വിമാന രൂപത്തിലുള്ള എക്കോ കാർഡിയോഗ്രാഫ് അവതരിപ്പിക്കുകയും അതുപയോഗിച്ചു ഹൃദ്രോഗ നിർണയം നടത്തുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. 2009 -ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**ഭാഗിക വൈദ്യുത നിയന്ത്രണം**

സംസ്ഥാനത്ത് ഇന്നും ഭാഗിക വൈദ്യുത നിയന്ത്രണത്തിന് സാധ്യത. രാത്രി 12:45 വരെ പല സമയങ്ങളിലായി വൈദ്യുതി നിയന്ത്രണം ആവശ്യമായി വന്നേക്കുമെന്ന് K S E B അറിയിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNUTVPM